LIBRARY ARCHIVES Kerala Legislative Assembly

വിദേശഫണ്ട് ലഭിക്കുന്ന എൻ.ജി.ഒ.കൾ

127 (4462) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻ.ജി.ഒ-കളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; വിശദമാക്കാമോ ;

(ബി) ഈയിടെ കേന്ദ്രസർക്കാർ രാജ്യത്തെ 9000 -ത്തോളം എൻ.ജി.ഒ-കളുടെ രജിസ്ട്രേഷൻ റദ്ദാക്കിയത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; സംസ്ഥാനത്ത് അംഗീകാരം റദ്ദാക്കിയ എൻ.ജി.ഒ-കൾ ഉണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) എൻ.ജി.ഒ-കളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനുള്ള സ്ഥിരസംവിധാനം പോലീസിൽ നിലവിലില്ല. എന്നാൽ എൻ.ജി.ഒ.കളുടെ പ്രവർത്തനത്തെപ്പറ്റി രഹസ്യാന്വേഷണ വിഭാഗവും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും രഹസ്യമായ അന്വേഷണം നടത്തിവരുന്നു.

(ബി) 2009-10, 2010-11, 2011-12 വർഷങ്ങളിലെ Annual Return സമർപ്പിക്കാത്ത ഇന്ത്യയിലെ 8975 സംഘടനകളുടെ FCRA Certificate Registration ക്യാൻസൽ ചെയ്തതായി കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ കാണുന്നു. ഇതിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘടനകൾ ഏതെങ്കിലും ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രേഡ് എസ്.ഐ. മാത്യുവിനെതിരെ നടപടി

128 (4463) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്. ഐ. ആയ ശ്രീ. മാത്യു മുതിർന്ന സ്ത്രീകളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(സി) സ്വീകരിച്ചിട്ടില്ലെങ്കിൽ ഇദ്ദേഹത്തിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ദേവികുളം പോലീസ് സ്റ്റേഷനിലെ അഡീഷണൽ എസ്.ഐ. ശ്രീ. മാത്യു മുതിർന്ന സ്ത്രീകളോടും പൊതുപ്രവർത്തകരോടും അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തീവച്ച് നശിപ്പിച്ച സംഭവം

129 (4464) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെർക്കളയിൽ സ്ത്രീകൾ മാത്രം ജോലി ചെയ്തു വരുന്ന ദിനേശ് ബീഡി ബ്രാഞ്ച് ഓഫീസ് തുടർച്ചയായി തീവച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരൊക്കെയാണ് ഈ കേസിലെ പ്രതികൾ എന്നും അറിയിക്കുമോ ;

(സി) ഈ കേസ്സുകളിൽ ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്രപേരെ പിടികിട്ടാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഈ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ അവരുടെ പോഷക സംഘടനകളുമായോ ബന്ധമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനം തീവച്ച് നശിപ്പിക്കാനുള്ള പ്രതികളുടെ ഗൂഢോദ്ദേശ്യം എന്താണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തുടർച്ചയായി തീവച്ച് നശിപ്പിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു പ്രാവശ്യം തീവച്ച് നശിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4-3-2015-ന് വൈകുന്നേരം 6.00 മണിക്കും, 5-3-2015-ന് രാവിലെ 8.00 മണിക്കും ഇടയിലുള്ള ഏതോ സമയം മൂന്ന് പ്രതികൾ ചേർന്ന് തീവച്ച് നശിപ്പിച്ചതായി വെളിവായിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് വിദ്യാനഗർ പോലീസ് സ്റ്റേഷൻ Cr.No102/15 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ എ 1 - മുഹമ്മദ് റാഷിദ് @ റാഷിദ്, S/o. അബ്ദുള്ള, എ 2 - സലാഹുദ്ദീൻ, S/o. സി. പി. അബ്ദുള്ള, എ 3- അബ്ദുൾ ആഷിർ @ ആഷിർ, S/o. അസൈനാർ.

LIBRARY ARCHIVES Kerala Legislative Assembly